Syro Malabar Commission for Liturgy

# വി.എവുപ്രാസ്യാമ്മ



എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മകളായി 17 ഒക്ടോബർ 1877 ൽ കാട്ടൂർ ഗ്രാമത്തിൽ റോസ എന്ന് എവുപ്രാസ്യ പിറന്നത്. മൂന്നു സഹോദരങ്ങളും ഒരു ഇളയ സഹോദരിയുമാണ് റോസായ്ക്ക് ഉണ്ടായിരുന്നത്. ഇളയ സഹോദരി തീരെ ചെറുപ്രായത്തിൽത്തന്നെ ഈലോകവാസം വെടിഞ്ഞു. സമ്പത് സമൃദ്ധിയുടെയും സമുദായത്തിലെ ഉന്നത സ്ഥാനത്തിന്റെയും ആനുകൂല്യങ്ങൾ അനുഭവിച്ച് വളർന്നുവന്ന കുഞ്ഞുറോസായുടെ ഹൃദയം ദൈവത്തിനായുള്ള ദാഹത്താൽ തീക്ഷ്ണമായിരുന്നു. ഇതിന് ഒരു ഉത്തമമായ തെളിവാണ്, തന്റെ ഒമ്പതാം വയസ്സിൽതന്നെ നിത്യകന്യാത്വം അവൾ ഈശോയ്ക്ക് നേർന്നത്. ഒത്തിരിയേറെ പ്രതിസന്ധികളെ മറികടന്ന് തീക്ഷ്ണമായ പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും ശക്തിയാൽ പ്രിയപ്പെട്ടവരുടെ അനുവാദത്തോടുകൂടി കർമലീത്താ സഭയിലെ ബോർഡിംഗിൽ അവൾക്ക് അംഗമായി ചേരാൻ സാധിച്ചു. കുര്യാക്കോസ് ഏലിയാസ് ചാവറയാൽ സ്ഥാപിതമായ കൂനമ്മാവു മഠത്തോട് ചേർന്നുള്ള ബോർഡിംഗിൽ ആയിരുന്നു റോസയെ ചേർത്തത്. അക്കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് നന്മനിറഞ്ഞ ജീവിതത്തിനായുള്ള പരിശീലനം ലഭിക്കുന്ന ഏറ്റവും സമുന്നതമായ ഒരിടമായിരുന്നു ഈ ബോർഡിംഗ് സ്കൂൾ. പുണ്യാഭ്യാസനങ്ങളും നല്ല മാനുഷിക ക്രിസ്തീയ പരിശീലനവും ഒപ്പം കൈവേലകളും ഈ ബോർഡിംഗ് ജീവിതകാലത്ത് അർഥിനികളെ പഠിപ്പിച്ചു പോന്നു. രൂപതകളുടെ പുന:ക്രമീകരണം നടത്തിയപ്പോൾ തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ മൂന്നു രൂപതാഘടകങ്ങൾ ഉളവാകുകയും ഇതിൽ കൂനമ്മാവ് എറണാകുളം രൂപതയുടെ കീഴിൽ വരുകയും ചെയ്തു. തൃശൂർ രൂപതയുടെ ആദ്യ തദ്ദേശീയ ബിഷപ്പായ ജോൺ മേനാച്ചേരി പിതാവ് തൃശൂർ രൂപതയിൽപ്പെട്ട സന്ന്യാസിനികളെയും സന്ന്യാസാർഥിനികളെയും കൂനമ്മാവിൽ നിന്നു കൊണ്ടുവന്ന് അമ്പഴക്കാട്ട് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ സ്ഥാപിച്ച പുതിയ മഠത്തിൽ അവരെ പാർപ്പിക്കുകയും ചെയ്തു. ഇവിടെവച്ചാണ് 10 മെയ് 1897 ൽ കുഞ്ഞുറോസ ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യാ എന്ന നാമധേയം സ്വീകരിച്ച് സന്ന്യാസശിരോവസ്ത്രം ഏറ്റുവാങ്ങിയത്.

ദൈവതിരുമനസ്സ് കണ്ടെത്തുവാനും അത് പൂർണമായും നിറവേറ്റുവാനുമുള്ള ശ്രദ്ധ ചെറുപ്രായം മുതലേ ഏകാന്തപ്രാർഥനയിലായിരുന്നുകൊണ്ട് എവുപ്രാസ്യാമ്മ വളർത്തിയെടുത്തിരുന്നു. ബോർഡിംഗിലായിരുന്ന കാലഘട്ടത്തിൽ നിരവധി അസുഖങ്ങളാൽ പീഡിതയായപ്പോഴും അവൾ പ്രാർഥനയിൽ ആശ്രയം കണ്ടെത്തി. ഒരുപക്ഷേ വീട്ടിലോട്ട് തിരിച്ചു വരേണ്ടവിധം ഗുരുതരമായ രോഗാവസ്ഥയിൽ, തിരുകുടുംബം അവൾക്ക് പ്രത്യക്ഷപ്പെട്ട് ഈ ബോർഡിംഗ് വാസക്കാലത്ത് അത്ഭുതകരമായ രോഗവിമുക്തി നല്കുകയുണ്ടായിട്ടുണ്ട്. ഈ ദർശനത്തിന്റെയും രോഗശാന്തിയുടെയും വിവരണങ്ങൾ അവളെ മഠത്തിൽ നിലനിറുത്തുവാനുള്ള കാരണങ്ങളായി അന്നത്തെ മദറായ സി. ആഗ്നസ് ജോൺ മേനാച്ചേരി പിതാവിന് എഴുതി അയച്ചിട്ടുണ്ട്. എവുപ്രാസ്യായുടെ ആത്മീയജീവിതത്തിൽ നിയന്താവും മാർഗനിർദേശകനുമായി ജോൺ മേനാച്ചേരി പിതാവ് മാറിയതിന്റെ തുടക്കം ഈ വിവരണങ്ങളിൽ നിന്നുമായിരിക്കാം എന്ന് കരുതപ്പെടുന്നു. ആത്മീയസ്ഥിതി സത്യമായും കൃത്യമായും മുടക്കുകൂടാതെ തനിക്ക് അയച്ചു തരണമെന്ന് പിതാവ് അവളോട് കല്പിച്ചിരുന്നു. 10 ജനുവരി 1898 ൽ മേനാച്ചേരി പിതാവിൽ നിന്ന് സി.എവുപ്രാസ്യാ കർമലീത്താ സഭയുടെ തിരുവസ്ത്രം ഏറ്റുവാങ്ങി. അങ്ങനെ സവിശേഷവിധം ഈശോയുടെ മണവാട്ടിയായിത്തീർന്ന അവൾ അനുദിനവും ദിവ്യമണവാളനോടുള്ള വ്യക്തിപരമായ സ്നേഹത്തിൽ ആഴപ്പെട്ടു വളർന്നു വന്നു.

24 മെയ് 1990 ൽ ഒല്ലൂരിൽ സെന്റ് മേരീസ് മഠം സ്ഥാപിക്കപ്പെട്ടപ്പോൾ മറ്റു സിസ്റ്റേഴ്സിനോടൊപ്പം എവുപ്രാസ്യാമ്മയും അമ്പഴക്കാട്ടു നിന്ന് ഈ പുതിയ മഠത്തിലേക്ക് അയയ്ക്കപ്പെട്ടു. ഇവിടെ നിരന്തരമായ പ്രാർഥനയിലും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും മുഴുകി അവൾ ജീവിതം ചിലവഴിച്ചു. 1904 മുതൽ 1910 വരെയുള്ള വർഷങ്ങളിൽ എവുപ്രാസ്യാമ്മ നവസന്ന്യാസിനികളുടെ ഗുരുനാഥയും ഒല്ലൂർ സെന്റ് മേരീസ് മഠത്തിന്റെ അസി. സുപ്പീരിയറുമായി സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പലരും അവർ ഏറ്റുവാങ്ങിയ അനിതരസാധാരണമായ ദൈവാനുഗ്രഹങ്ങളെ സാക്ഷ്യപ്പെടുത്തിയിട്ടു

ണ്ട്. തുടർന്ന് ഔദ്യോഗികമായി നവസന്ന്യാസം ഒല്ലൂരിൽ ആരംഭിച്ചപ്പോൾ ആദ്യത്തെ നവസന്ന്യാസ ഗുരുനാഥയായി നിയമിക്കപ്പെട്ടത് വിശുദ്ധ എവുപ്രാസ്യ ആയിരുന്നു. മറിയം ത്രേസ്യ ഈ കാലയളവിലാണ് തന്റെ ദൈവവിളി തിരിച്ചറിയാൻ ആഗ്രഹിച്ചുകൊണ്ട് ഒല്ലൂർ മഠത്തിൽ വന്നു ചേർന്നത്. വിശുദ്ധ മറിയം ത്രേസ്യായുടെ പ്രാഥമിക സന്ന്യാസപരിശീലനത്തിന് സഹായിച്ചത് എവുപ്രാസ്യാമ്മയായിരുന്നു. അങ്ങനെ രണ്ടു വിശുദ്ധാത്മാക്കൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് കുറച്ചുകാലം അവിടെ ചിലവഴിച്ചു. 1913 മുതൽ 1916 വരെയുള്ള കാലയളവിൽ സെന്റ് മേരീസ് ഒല്ലൂർ മഠത്തിന്റെ മഠാധിപയായി എവുപ്രാസ്യാമ്മ നിയമിക്കപ്പെടുകയും നിസ്തുലമായ രീതിയിൽ തന്നെ ഏല്പിച്ച ദൗത്യം അവൾ നിർവഹിക്കുകയും ചെയ്തു. സ്നേഹവും കരുണയും നിറഞ്ഞ ശുശ്രൂഷകളിലൂടെ ദിവ്യകാരുണ്യത്തിൽ നിന്നും ഈശോയുടെ തിരുഹൃദയത്തിൽ നിന്നും പരിശുദ്ധ അമ്മയോടുള്ള സവിശേഷ ഭക്തിവഴിയും അവൾ സ്വീകരിച്ച സ്നേഹം ഏവർക്കും പകർന്നു നല്കി. പിന്നീട് 1952 ൽ മരിക്കുന്ന കാലം വരെയും എവുപ്രാസ്യാമ്മ മറ്റു ഉത്തരവാദിത്വങ്ങളൊന്നും തന്നെ നിർവഹിച്ചിട്ടില്ല എന്നാണ് ചരിത്രത്തിലൂടെ നമുക്ക് മനസ്സിലാകുക.

എളിമയിലും ദാരിദ്ര്യാരൂപിയിലും വിശുദ്ധിയിലും അനുനിമിഷവും വളർന്നുവന്ന് സദാ ദൈവഹിതം ചൂഴ്ന്നന്വേഷിച്ച് ദൈവഹിതം മാത്രം നിറവേറ്റുന്നതിൽ എവുപ്രാസ്യാമ്മ അതീവ ശ്രദ്ധാലുവായിരുന്നു. അവളുടെ ജീവിതം മുഴുവനും നിരന്തരമായ പ്രാർഥനയും പ്രായശ്ചിത്തവും പരിത്യാഗവും നിറഞ്ഞതായിരുന്നു. തന്റെ ദിവ്യമണവാളനായ ഈശോയെ സ്നേഹിക്കുന്നതിൽ, ഈശോയെ പ്രസാദിപ്പിക്കുന്നതിൽ സകല സംതൃപ്തിയും കണ്ടെത്തി, അവൾ തന്റെ ദിവ്യമണവാളന്റെ മുമ്പിൽ അവിടുത്തെ മക്കൾക്കായുള്ള പ്രാർഥനകളുയർത്തുന്ന ഉത്തമയായ ഒരു അമ്മയുമായി മാറി. എവുപ്രാസ്യാമ്മയുടെ പ്രാർഥന ജീവിച്ചിരിക്കുന്നവരെ മാത്രമല്ല, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെയും ഏറെ സഹായിച്ചിട്ടുണ്ട് എന്ന് അനേകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശുദ്ധീകരാത്മാക്കൾ അമ്മയുടെ അടുത്ത് പ്രാർഥന ചോദിച്ചു വരുന്നതും അവർക്ക് വിടുതൽ ലഭിച്ചതുമായ സാക്ഷ്യപത്രങ്ങൾ അമ്മയുടെ തന്നെ കൈയ്യെഴുത്തുകളിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുണ്ട്. എഴുപത്തഞ്ച് വർഷം നീണ്ടു നിന്ന ഇഹലോകവാസം പൂർത്തിയാക്കി പ്രാർഥിക്കുന്ന അമ്മ എന്ന് വിളിക്കപ്പെട്ടിരുന്ന എവുപ്രാസ്യാമ്മ ഒല്ലൂർ മഠത്തിൽ വച്ച് 29 ഓഗസ്റ്റ് 1952 ൽ തന്റെ മണവാളന്റെ വിളി സ്വീകരിച്ച് ഈലോകവാസം വെടിഞ്ഞു.

മരിച്ചാലും മറക്കില്ലാട്ടോ എന്ന വാഗ്ദാനം എവുപ്രാസ്യാമ്മയുടെ അധരപുടങ്ങളിൽ നിന്നുതന്നെ അനവധിതവണ ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. മരിച്ചാലും മറക്കാതെ തന്റെ അടുത്ത് തന്റെ കബറിടത്തിനരികിൽ ആവശ്യങ്ങളുമായി കടന്നെത്തിയ ദൈവമക്കൾക്ക് ദൈവപിതാവിൽ നിന്ന് അനവധിയായ ദൈവികാനുഗ്രഹങ്ങൾ, അത്ഭുതങ്ങളും അടയാളങ്ങളും എവുപ്രാസ്യാമ്മ തന്റെ മാധ്യസ്ഥശക്തിയാൽ നേടിക്കൊടുത്തു. തീർത്തും ഒളിക്കപ്പെട്ട സാധാരണ ജീവിതം നയിച്ചിരുന്ന ഈ വിശുദ്ധ സന്ന്യാസിനിയുടെ ജീവിതം അങ്ങനെ ചുറ്റുപാടുകളും ലോകവും അറിഞ്ഞു. താൻ അംഗമായ സിഎംസി സന്ന്യാസിനിസമൂഹത്തിന്റെ സ്ഥാപകനായ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയോടൊപ്പം എവുപ്രാസ്യായെ വിശുദ്ധയായി 23 നവംബർ 2014 ന് ഫ്രാൻസിസ് മാർപ്പാപ്പ നാമകരണം ചെയ്തു. എളിമയാലും വിനയത്താലും ആഴമായ ദൈവസ്നേഹത്താലും സഹജസ്നേഹത്താലും നിറഞ്ഞു ജീവിതം നയിച്ച എവുപ്രാസ്യാമ്മ നമ്മുടെ ജീവിതങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

തയ്യാറാക്കിയത്,
സി.ഗ്ലാഡിസ് സി.എം.സി
എറണാകുളം രൂപത
28-08-2021

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
Read more:www.syromalabarliturgy.org